# കിരാതന്റെ ജീവിതവൃത്തത്തിലെ ഭൂപ്രകൃതി

## (ഹയർസെക്കണ്ടറി രണ്ടാം വർഷ മലയാളം പഠനക്കുറിപ്പ്)

- എ.വി. സത്യേഷ്കുമാർ.

നീറിപ്പുകയുന്ന കാടിന്റെ ജീവിതം പരുക്കൻതാളത്തിൽ മലയാളത്തിന്റെ പ്രിയപ്പെട്ട കവി കടമ്മനിട്ട 'കിരാതവൃത്ത'ത്തിൽ രേഖപ്പെടുത്തുന്നു. കാട് എന്തിനാണ് നീറിപ്പുകയുന്നത് എന്ന ചോദ്യം കവിതാവായന തുടങ്ങുന്ന ഘട്ടത്തിൽ കാവ്യാസ്വാദകരിൽ ഉണ്ടാവും. അതിനുള്ള ഉത്തരം കിരാതവൃത്തത്തിൽ നിറഞ്ഞിരിക്കുന്നു. 'നീറായ വനത്തിൻ നടുവിൽ നിൽപ്പൂ കാട്ടാളൻ' എന്ന പ്രയോഗമാണ് വായനക്കാരെ ചിന്തിപ്പിക്കുന്നത്. 'കാട് അസ്വസ്ഥമാവുന്നു' എന്ന അർത്ഥമാണ് 'നീറായ വനം' എന്ന വരിയിൽ നിന്നും ലഭിക്കുന്നത്. കാടിന്റെ ജീവിതം കാടകങ്ങളിൽ വസിക്കുന്നവർക്ക് ഏറ്റവും പ്രധാനപ്പെട്ടതാണ്. അപൂർവ്വമായ ചെടികളും മരങ്ങളും പക്ഷികളും മൃഗങ്ങളും നീർച്ചാലുകളും കാട്ടുമനുഷ്യരും അടങ്ങുന്ന ജീവിതമാണ് കാടിനുള്ളത്. പൂർണ്ണമായും സ്വാഭാവികത നിറഞ്ഞ ജീവിതം. ശാന്തതയും സ്വസ്ഥതയുമുള്ള കാടിന്റെ ജീവിതത്തെ തകർക്കുന്നത് അധികാരവും നവീകരിച്ച ആയുധങ്ങളും സമ്പത്തും കൈമുതലായ പരിഷ്കൃതമനുഷ്യരാണ്.

വ്യാവസായികയുഗത്തിന്റെ വരവോടുകൂടിയാണ് 'പരിഷ്കൃതമനുഷ്യൻ' ഉണ്ടാവുന്നത്. ജീവിതസൗകര്യങ്ങൾക്കും സുഖങ്ങൾക്കും വേണ്ടി ആരെയും എന്തിനെയും ചൂഷണം ചെയ്യാമെന്ന ചിന്താഗതി, വ്യാവസായികകാലഘട്ടത്തിന്റെ ക്രൂരമായ ഒരാശയമാണ്. ഭൂമിയുടെ ഹൃദയമായ കാടിനെയും ജീവജാലങ്ങളെയും കാടിനെ ആശ്രയിച്ചു ജീവിക്കുന്ന മറ്റെല്ലാറ്റിനെയും സ്വാർത്ഥലാഭങ്ങൾക്കു വേണ്ടി ഉപയോഗിക്കാമെന്ന ഇടുങ്ങിയ വിചാരം, വ്യാവസായികലോകം നിർമ്മിച്ച പരിഷ്കൃതമനുഷ്യന് മാത്രമുള്ളതാണ്. അങ്ങിനെയാണ് നാടിന്റെ അധികാരം ഏറ്റെടുത്ത പരി

ഷ്കൃതമനുഷ്യൻ കാടിന്റെ അധികാരവും വിഭവങ്ങളും കൈയ്യടക്കാൻ ഒരുങ്ങുന്നത്. കാടിന്റെ അധികാരം കാട്ടിലെ ജീവജാലങ്ങൾക്കും കാടിനെ മാത്രം ഉപജീവിച്ച് കഴിയുന്നവയ്ക്കുമാണ്. ശാസ്ത്രവും സാങ്കേതികവിദ്യയും സ്വായത്തമാക്കിയ പരിഷ്കൃതമനുഷ്യരിലെ അഹന്ത, കാടിന്റെ വിശുദ്ധി ഇല്ലാതാക്കുന്നിലേക്കും നീണ്ടു വരുന്നു. കാടിന്റെ ചലനങ്ങളോ ജീവിതമോ തീരെ അറിയാതെ പരിഷ്കൃതമനുഷ്യൻ കാട് കൈയ്യേറി നശിപ്പിക്കാനൊരുങ്ങുമ്പോഴാണ് കാടിനെ സ്നേഹിക്കുകയും പ്രണയിക്കുകയും ചെയ്യുന്ന കാട്ടാളൻ 'നെഞ്ചത്ത് അസ്വസ്ഥതയുടെ തീപ്പന്തങ്ങൾ കുത്തി നിൽക്കുന്നു' എന്ന് കടമ്മനിട്ട എഴുതുന്നത്. 'കത്തുന്ന തീപ്പന്തങ്ങൾ' കേരളീയഗ്രാമപ്രകൃതിയിലെയും കാവുകളിലെയും മനോഹരമായ കാഴ്ചകളിലൊന്നാണ്. കടമ്മനിട്ട രാമകൃഷ്ണൻ എന്ന കവിയുടെ കടമ്മനിട്ട എന്ന ദേശത്ത് ഭഗവതിക്കാവുകളിൽ ആചരിച്ചുവരാറുള്ള പടയണി എന്ന നാടൻ അനുഷ്ഠാനകലാരൂപത്തിന്റെ അവതരണത്തെ അനുസ്മരിപ്പിക്കുന്ന വരികളാണ് ഇവ. പ്രകൃതിദത്തമായ നിറങ്ങൾ ഉപയോഗിച്ച് രൂപങ്ങൾ വരച്ച്, കവുങ്ങിൻപാളകൊണ്ടുള്ള കിരീടവും മുഖാവരണവുമായി ഉറഞ്ഞുതുള്ളുന്ന കോലം തുള്ളൽ പടയണിയുടെ പ്രധാനപ്പെട്ട ഘടകങ്ങളിലൊന്നാണ്. കോലത്തിന്റെ നെറുകയിൽ കത്തുന്ന തീപ്പന്തങ്ങളുണ്ടാവും. ഈ തീപ്പന്തങ്ങളുടെ ഓർമ്മയെയും കാഴ്ചയെയും ഓർമ്മിപ്പിക്കുന്ന വിധത്തിലാണ് 'നെഞ്ചത്തൊരു പന്തം കുത്തിനിൽപ്പൂ കാട്ടാളൻ' എന്ന വരികൾ കടമ്മനിട്ട സൃഷ്ടിക്കുന്നത്.

കിരാതന്റെ ജീവിതവൃത്തമാണ് കിരാതവൃത്തമായി പരിണമിക്കുന്നത്. 'ജീവിതവൃത്തം' എന്ന പദംകൊണ്ട് സൂചിപ്പിക്കുന്നത്, ജീവിതത്തിന്റെ ചുറ്റുപാടിനെയാണ്. കിരാതന്റെ അല്ലെങ്കിൽ കാട്ടാളന്റെ ജീവിതത്തിന്റെ സാഹചര്യങ്ങൾ കാടിനോട് പൂർണ്ണമായും ഇണങ്ങിച്ചേർന്നതാണ്. കാടിനെ

ആളുന്നവനാണ് കാട്ടാളൻ. അതായത് കാടിനെ, ശരീരത്തിലും മനസ്സിലും ഏറ്റെടുത്ത ഒരാൾ. കാട് ഇല്ലാതാവുമ്പോൾ, കാടിന്റെ ജീവിതം ഇല്ലാതാവു മ്പോൾ ഇല്ലാതാവുന്നത് കാട്ടാളന്റെ ജീവിതം തന്നെയാണ്. കാട്ടാളനെ, സംബന്ധിച്ചിടത്തോളം കാട്, അവന്റെ ആവാസസങ്കേതമാണ്. കാട്ടാളന്റെ ജീവിതപരിസരങ്ങളിലെ സമൃദ്ധിയും ഐശ്വര്യവും കവരുന്നത് പരി ഷ്കൃതമനുഷ്യന്റെ ആർത്തിയും കുതന്ത്രങ്ങളുമാണ്. കാട്ടിലെ വിഭവങ്ങൾ അപഹരിക്കപ്പെടുമ്പോൾ, കാട്ടാളന്റെ കുലത്തെയും പാരമ്പര്യത്തിന്റെ കണ്ണി കളെയും ഹിംസിക്കുമ്പോൾ കാട്ടാളൻ നിസ്സംഗനായി നിൽക്കുകയല്ല ചെയ്യു ന്നത്. കവിതയിലെ ആദ്യവരികൾ കാട്ടാളന്റെ പടരുന്ന ആത്മരോഷത്തിന്റെ ഉദാഹരണങ്ങളായി മാറുന്നു.

കടുത്ത സങ്കടത്തിന്റെ അന്തരീക്ഷം, കാട്ടാളനിലുണ്ടെന്ന് കിരാത വൃത്തം നിരന്തരം ഓർമ്മിപ്പിക്കുന്നു. കവിത നിറയെ കിരാതന്റെ സങ്കടങ്ങൾ വ്യാപിച്ചു നിൽക്കുന്നു. കിരാതന്, ദുഃഖങ്ങൾ വരുത്തുന്നത് പരിഷ്കൃതമനു ഷ്യരുടെ കാട്ടിനകത്തേക്കുള്ള കടന്നുകയറ്റവും ഇടപെടലുകളുമാണ്. കാടിന്റെ ശാന്തതയും സ്വസ്ഥതയും വ്യാവസായികയുഗത്തിന്റെവരവോട് കൂടി നശിക്കുന്നു എന്നാണ് നാം അനുമാനിക്കേണ്ടത്. കാട്ടാളന്റെ നടു ങ്ങലും അവന്റെ മനസ്സിന്റെ കലങ്ങലും വായനക്കാരൻ തിരിച്ചറിയുന്നു.

‘ആകാശത്തച്ഛൻ ചത്തു കിടപ്പതു കണ്ടു നടുങ്ങി
മലയോരത്തമ്മയിരുന്നു ദഹിപ്പതു കണ്ടു കലങ്ങി ’

എന്ന വരികളെ കാട്ടാളന്റെ കുലപരമ്പരയുടെ തകർച്ചയായിട്ടും മേഘങ്ങൾ, പർവ്വതങ്ങൾ, സൂര്യൻ എന്നീ പ്രകൃതിശക്തികളുടെ ഊർജ്ജത്തിന് ക്ഷതം പറ്റുന്നതായും വ്യാഖ്യാനിക്കാവുന്നതാണ്. അച്ഛൻ, അമ്മ എന്നിങ്ങനെ കുല പരമ്പരയുടെ കണ്ണികൾ പരിഷ്കൃതമനുഷ്യന്റെ അധിനിവേശത്തോട് കൂടി അറ്റുപോവുന്നതും പ്രകൃതിയുടെ കരുത്ത് ചോർത്തുന്ന യന്ത്രങ്ങളുടെ

സഹായത്തോട് കൂടിയുള്ള പരിഷ്കൃതമനുഷ്യരുടെ പ്രവർത്തനങ്ങളും കാട്ടാളന്റെ കൺമുന്നിൽ നടക്കുന്ന കയ്പ്പേറിയ യാഥാർത്ഥ്യങ്ങളാണ്.

'മുല പാതി മുറിഞ്ഞവളാറ്റിൻ
കരയിൽ കനലായി വിളിച്ചു '

എന്ന കവിതയിലെ പ്രയോഗം കാട്ടാളസ്ത്രീയുടെ ദൈന്യാവസ്ഥയായും ജൈവാംശങ്ങൾ എന്ന അമൃതം ചുരത്തുന്ന കുന്നുകളുടെയും മലകളുടെയും തകർച്ചയായും ആസ്വാദകന്റെ മുന്നിൽ കടന്നു വരുന്നു. 'മുറിയുക' അല്ലെങ്കിൽ 'മുറിവ്' എന്ന പദം സൂചിപ്പിക്കുന്ന അർത്ഥം വേദനയുടെയും സങ്കടത്തിന്റേതുമാണ്. പ്രകൃതിയായാലും കാട്ടാളസ്ത്രീയായാലും ഇരയാക്കപ്പെടുന്നതിന്റെ, ചൂഷണം ചെയ്യപ്പെടുന്നതിന്റെ കനത്ത വേദനയാണ്, 'മുല പാതി മുറിഞ്ഞവളാറ്റിൻ കരയിൽ കനലായി വിളിച്ചു' എന്ന പ്രയോഗത്തിൽ അടങ്ങിയിരിക്കുന്നത്.

കാടും കാട്ടാറും കാടിന്റെ ഭൂപ്രകൃതിയും അതിന്റെ സ്വച്ഛതയും നശിപ്പിക്കുന്ന, അധികാരം മുഖ്യായുധമാക്കി മാറ്റിയ പരിഷ്കൃത -സാങ്കേതിക മനുഷ്യനെതിരെ അത്യുഗ്രമായി പ്രതിഷേധിക്കുകയും പ്രതിരോധിക്കുകയും ചെയ്യുന്ന കാട്ടാളന്റെ നിസ്സഹായതകൾ, കിരാതവൃത്തത്തിൽ ആസ്വാദകർ വായിക്കുന്നുണ്ട്. അനിശ്ചിതത്വത്തിലാവുന്ന കാടിന്റെ ജീവിതത്തെ കടമ്മനിട്ട, ഗ്രാമ്യവും തനിമയാർന്നതുമായ വാമൊഴിവഴക്കങ്ങളിലൂടെയാണ് കിരാതവൃത്തത്തിൽ അനാവരണം ചെയ്യുന്നത്. മഴനീരിന് വേണ്ടി തേങ്ങിക്കരയുന്ന വേഴാമ്പൽപ്പക്ഷി പോലെ മഴ തരാത്ത ആകാശം നോക്കിയിരിക്കുന്ന കാട്ടാളൻ, പ്രകൃതിയോടും ഋതുപരിണാമങ്ങളോടും ജീവജാലങ്ങളോടുമുള്ള അഗാധമായ സ്നേഹത്താൽ ഉൻമാദം കൊണ്ടു നടക്കുന്ന കാട്ടാളൻ, വെട്ടിയരിഞ്ഞ കാട്ടുമാവിൻകൂട്ടങ്ങൾ വീണു കിടക്കുന്ന തകർന്ന മണ്ണിലിരിക്കുന്ന കാട്ടാളൻ -- ഇങ്ങിനെ, കാട്ടാളന്റെ ആത്മസംഘർഷം ആവാഹി

ക്കുന്ന ദൃശ്യങ്ങൾ കിരാതവൃത്തത്തിൽ ഉടനീളമുണ്ട്. കാട്ടാളന്റെ തപിക്കുന്ന മനസ്സിനെ, ഇരുണ്ട മനസ്സിനെ ആവിഷ്കരിക്കുന്നവയാണ്

'കരിമേഘം ചത്തു കിടക്കും

കാകോളക്കടലോ മാനം

കരിമരണം കാവലിരിക്കും

കടുനോവിൻകോട്ടയിലോ ഞാൻ '

എന്ന വരികൾ. കറുത്ത മേഘങ്ങൾ കാട്ടിനകത്ത്, മഴയായിപ്പെയ്യാതെ വിഷം നിറഞ്ഞ സമുദ്രം പോലെ ചത്തു കിടക്കുകയാണോ എന്ന് കാട്ടാളൻ സംശയിക്കുന്നു. 'കടുനോവിൻകോട്ട', 'കാവലിരിക്കുന്ന കറുത്ത മരണം' എന്നീ കാവ്യബിംബങ്ങൾ കാട്ടാളന്റെ ആശങ്കകളെയും ശൂന്യമായ മനസ്സിനെയും ആഴത്തിൽ പ്രതിഫലിപ്പിക്കുന്നു.

നഷ്ടപ്പെടുന്ന പ്രകൃതിയുടെയും പ്രകൃതിയുടെ പച്ചപ്പിന്റെയും ചിത്രങ്ങൾ കിരാതവൃത്തത്തെ, അടിമുടി വലയം ചെയ്യുന്നുണ്ട്. പ്രകൃതിയിൽ നിന്നും അകന്നു നിൽക്കാത്ത ജീവിതമാണ് കാട്ടാളന്റേത്. ഈറ്റപ്പുലി, കരിമൂർഖൻ, പച്ചപ്പൈ, വേഴാമ്പൽപ്പക്ഷി തുടങ്ങി കവിതയിൽ കടമ്മനിട്ട ഉപയോഗിച്ച വാക്കുകൾ, പ്രകൃതിയും ജീവജാലങ്ങളും ഭൂമിക്ക് ഏറെ അനിവാര്യമാണെന്ന് വ്യക്തമാക്കുന്നു. ഔഷധമൂല്യമുള്ള ചെടികളും വൃക്ഷങ്ങളും ജന്തുവൈവിധ്യവും കാലാവസ്ഥയുടെ കൃത്യമായ ചലനങ്ങളുമാണ് കാടിനെ, ഭൂമിയിലെ അസാധാരണമായ ഒരിടമാക്കി മാറ്റുന്നത്. കാട്, കാട്ടിൽ ജീവിക്കുന്നവയ്ക്ക് മാത്രമല്ല, നാട്ടിൽ ജീവിക്കുന്നവയ്ക്കും വേണ്ടപ്പെട്ടതാണെന്ന് കിരാതവൃത്തം അടയാളപ്പെടുത്തുന്നുണ്ട്. തുളസിക്കാടുകളും മുത്തങ്ങാപ്പുല്ലുകളും കറുകപ്പുൽത്തലപ്പുകളും കാട്ടാളന് എത്രമാത്രം പ്രിയതരമാണെന്ന് കവിതയിൽ നിന്ന് വായനക്കാരൻ തിരിച്ചറിയുന്നു. പടയണി എന്ന നാടൻ അനുഷ്ഠാനകലാരൂപത്തിന്റെ ചടങ്ങുകളിലൊന്നായ 'കളമെഴുത്തും

പാട്ടി 'ന്റെയും ഓർമ്മകൾ ഉണർത്തുന്ന രീതിയിലാണ് 'കറുകപ്പുൽത്തുമ്പ ത്തമ്പിളി കളമെഴുതിപ്പാടിയ രാവുകൾ' എന്ന വരികൾ കടമ്മനിട്ട എഴുതുന്നത്. കിരാതവൃത്തത്തിലെ അതിമനോഹരമായ ദൃശ്യബിംബങ്ങളിലൊന്നാണ് ഇത്.

യാന്ത്രികമായി ജീവിച്ച് ഭൂമിയുടെ ഗന്ധവും രസാനുഭൂതികളും ഒന്നും നുകരാതെ നിശ്ചലവസ്തുവിനെപ്പോലെ ഒടുങ്ങാൻ ആഗ്രഹിക്കുന്ന പരിഷ്കൃതസമൂഹത്തിന്റെ സ്വഭാവമല്ല, കാട്ടാളന്റേത്. കാട്ടാളന്റെ ജീവിതപരിസരത്തിലെ സ്ത്രീപ്രതിനിധാനങ്ങളായ 'കാടത്തികൾ' കാട്ടിൽ ചോലമരത്തിന്റെ തണലിൽ ചുവടു വെച്ച് നൃത്തം ചെയ്യുമ്പോൾ അവരുടെ കാലിലെ ചിലങ്കകളായി മാറുന്നത് സുഗന്ധവാഹിയായ കാറ്റും അവർക്ക് തരിവളകളായിത്തീരുന്നത് കാട്ടുചോലയുമാണെന്ന് കവിതയിൽ നാം വായിക്കുന്നു. ഭംഗിയാർന്ന മുടിച്ചുരുൾക്കെട്ട് വീഴ്ത്തിക്കൊണ്ടുള്ള കാടത്തികളുടെ നടനം ആകുലതകളോടെയാണ് കാട്ടാളൻ കണ്ടുനിൽക്കുന്നത്. തന്റെ നല്ല നാളുകളെക്കുറിച്ചും തന്റെ കിടാങ്ങളെപ്പറ്റിയും ആലോചിച്ച് കാട്ടാളൻ പരിതപിക്കുന്നു. തേൻകൂടുകൾ തേടിപ്പോയ തന്റെ ആൺകുട്ടികളെയും പൂക്കൂട നിറയ്ക്കാൻ പോയ തന്റെ പെൺകുട്ടികളെയും ഓർമ്മിച്ച് കാട്ടാളൻ കേഴുന്നു. തന്റെ കുട്ടികളെയും അവരുടെ ഭാവിയെയും ഓർമ്മിച്ച് വിതുമ്പുന്ന കാട്ടാളൻ, കിരാതവൃത്തത്തിലുണ്ട്.

കാവ്യാരംഭത്തിൽ, പ്രസവിച്ചു കിടക്കുന്ന പുലി (ഈറ്റപ്പുലി)യുടെ രോഷവും സഹനവും വേദനയും കലർന്നതു പോലുള്ള നനഞ്ഞ കണ്ണുകൾ തുറന്ന, അതേസമയം തന്നെ പുരികക്കൊടിയുടെ പാതിയിൽ കരിമൂർഖന്റെ ശൗര്യം ഒളിപ്പിച്ചുവെച്ച കാട്ടാളനെ, കടമ്മനിട്ട കാട്ടിത്തരുന്നുണ്ട്. കാട്ടാളന്റെ സമ്മിശ്രവികാരങ്ങളാണ് കിരാതവൃത്തത്തിന്റെ സൗന്ദര്യം. സ്നേഹവും ദുഃഖവും ആശങ്കയും നിരാശയും പ്രതിഷേധവും സമ്മർദ്ദവും

ആഹ്ലാദവും പ്രത്യാശയും കാട്ടാളനുണ്ട്. കാട്ടാളന്റെ ഈ വൈകാരികനിമിഷങ്ങളെല്ലാം കിരാതവൃത്തത്തിന്റെ സവിശേഷതയാണ്. ബാല്യപ്രായത്തിലുള്ള കുട്ടികളെ മാത്രമല്ല, പൂവിതളിന്റെ മൃദുത്വമുള്ള തന്റെ പിഞ്ചുകുഞ്ഞുങ്ങളെയും കാട്ടാളൻ ഓർത്തെടുക്കുന്നു. കാട്ടാളന്റെ വംശമഹിമയുടെയും കാട്ടിലെ ജീവിതത്തിന്റെയും ശക്തിസ്രോതസ്സുകളാണ് അവന്റെ പിഞ്ചുകിടാങ്ങൾ. അവർക്കുണ്ടാവുന്ന നാശത്തിൽ കാട്ടാളൻ അങ്ങേയറ്റം വ്യസനമനുഭവിക്കുന്നുണ്ട്. കാട്ടാളന്, തന്റെ കുഞ്ഞുങ്ങളെപ്പറ്റിയുള്ള ഉറച്ച സ്മൃതികളിൽ നിന്നുയരുന്നവയാണ്,

‘തളിരെല്ലുകൾ കരിയും മണമോ
തറയുന്നു നാഡികളിൽ ’ – എന്ന വരികൾ.

തന്റെ സ്വസ്ഥവും അതീവശാന്തവുമായ ജീവിതത്തെ അനായാസമായി പിഴുതെറിഞ്ഞ് കളഞ്ഞ ‘കൃത്രിമലോക’ത്തിന്റെ മനുഷ്യരെ നേരിടാൻ തന്നെ കാട്ടാളൻ തീരുമാനിച്ചുറപ്പിക്കുന്നു. മല തീണ്ടിയശുദ്ധമാക്കി, മരമെല്ലാം വെട്ടിയരിഞ്ഞ പരിഷ്കൃതലോകത്തിലെ അധമജൻമങ്ങളെ പാഠം പഠിപ്പിക്കുമെന്ന് കാട്ടാളൻ പ്രതിജ്ഞ ചെയ്യുന്നു. നിരാശയുടെ ഇരുട്ടിലല്ല, പ്രതീക്ഷയുടെ വെളിച്ചത്തിലാണ് കാട്ടാളന്റെ മനസ്സ് നിലകൊള്ളുന്നതെന്ന് കവിതയുടെ അന്ത്യത്തിൽ വായനക്കാരൻ വിലയിരുത്തുന്നുണ്ട്. ഇപ്പോഴുള്ള പ്രതിസന്ധികളെല്ലാം എന്നെന്നേക്കുമായി ഇല്ലാതാകുമെന്നും കാട്ടിലുള്ള പരിഷ്കൃതമനുഷ്യരുടെ ഹിംസാത്മകമായ പ്രവൃത്തികൾക്ക് ശമനമുണ്ടാകുമെന്നും കാട്ടാളൻ പ്രത്യാശിക്കുന്നു. നാഗരികമനുഷ്യരുടെ നെറികേടുകൾക്കെതിരെ ഒരിക്കൽ ഉരുൾപൊട്ടിയ വൻമലയുടെ രൗദ്രഭാവങ്ങളുമായി അലറിയ, അലറി ഇരമ്പുന്ന പെരുങ്കടലിന്റെ വേരു പറിച്ച് അതിന്റെ കരുത്തിനെ തോൽപ്പിക്കുന്ന വിധത്തിൽ അലറാൻ നോക്കിയ കാട്ടാളൻ കാട്ടിലേക്ക്, തുടുപ്പാർന്ന കാടിന്റെ ജീവൻ തിരിച്ചെത്തുമെന്നും കാട്ടിൽ ആഹ്ലാദ

ത്തിന്റെ സൂര്യനുദിക്കുമെന്നും അതിന്റെ നിഴലായി വിശുദ്ധിയുടെ നിലാവ് പടരുമെന്നും ഗാഢമായി വിശ്വസിക്കുന്നു. ഈ വിശ്വാസം, കാട്ടാളന്റെ ജീവിതത്തിലുള്ള ഉയർന്നതും ക്ഷയിക്കാത്തതുമായ ശുഭാപ്തിവിശ്വാസം തന്നെയാണ്. കാട്, പഴയ കാടായി വളർന്നു വലുതാകുന്ന ഘട്ടത്തിൽ ഇന്നത്തെ ദുഃഖങ്ങളെല്ലാം തകരുമെന്നും അപ്പോൾ താൻ പുഞ്ചിരിക്കുമെന്നും കാട്ടാളൻ പ്രതീക്ഷിക്കുന്നു.

നാടൻതാളഭാവങ്ങളോട്, പാരുഷ്യം കലർന്ന വാക്കുകൾ അലിഞ്ഞുചേർന്നിട്ടുള്ള കവിതയാണ്, കടമ്മനിട്ടയുടെ കിരാതവൃത്തം. മല, മണ്ണ്, മരം, സൂര്യൻ, കടൽ, തീ തുടങ്ങിയ നിത്യപരിചിതപദങ്ങളിലൂടെ കടന്നുപോകുന്ന ആസ്വാദകർ പതിവുകവിതയല്ല വായിക്കുന്നത് മറിച്ച്, ഭൂമിയെയും പ്രപഞ്ചത്തെയും പുതിയൊരൂർജ്ജത്തോടെ അഭിമുഖീകരിക്കുന്ന ഭാഷയെയും യാഥാർത്ഥ്യത്തെയുമാണ്.

---

എ.വി സത്യേഷ്കുമാർ,

ചെറുകുന്ന്.

എ.വി. സത്യേഷ്കുമാർ,
ഹയർസെക്കണ്ടറി വിഭാഗം
സീനിയർ മലയാളം അധ്യാപകൻ,
ഹയർസെക്കണ്ടറി വിഭാഗം,
ഗവ.ടൗൺ എച്ച്.എസ്.എസ്.,
കണ്ണൂർ -1, കണ്ണൂർ ജില്ല,
മൊബൈൽ: 8281124887